പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3617 — 22.08.2017 — ൽ മറുപടിക്ക്

# പെരിന്തൽമണ്ണയിൽ റേഷൻ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) | പെരിന്തൽമണ്ണ താലൂക്ക് സപ്ലൈ ഓഫീസിന് കീഴിൽ റേഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാൻ അർഹരായ പലരും ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏകദേശം എത്ര പേരാണ് ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടത്; ഇവരെ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി അറിയിക്കുമോ; | (എ) | ഉണ്ട്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 7403 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഈ പരാതികളിന്മേൽ ഫീൽഡ്തല അന്വേഷണം നടത്തി അനർഹരെ ഒഴിവാക്കി, അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | അർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിന് മുൻപ് ഭക്ഷ്യ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തിയിരുന്നോ; | (ബി) യും (സി) യും | വിശദമായ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കിയിട്ടുള്ളത്. ഇതിന് ആനുപാതികമായി അർഹരായവർ പട്ടികയിൽ ഉൾപ്പെട്ടിട്ടുമുണ്ട്. |
| (സി) | റേഷൻ കടയുടമകളുടെ റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിൽ, ഉദ്യോഗസ്ഥരുടെ പരിശോധന കൂടാതെ, ഈ സപ്ലൈ ഓഫീസിനു കീഴിൽ നിരവധി പേരെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയം പരിശോധിക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | പെരിന്തൽമണ്ണ താലൂക്ക് സപ്ലൈ ഓഫീസിനു കീഴിൽ പുഴക്കാട്ടരി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 101-ാം നമ്പർ റേഷൻ കടയുടെ കീഴിൽ അർഹരായ എത്ര പേരാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടാതെ പോയത്; റേഷൻ കട ഉടമയുടെയോ കട നടത്തുന്നവരുടെയോ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഉദ്യോഗസ്ഥരുടെ പരിശോധന കൂടാതെ മുൻഗണനാ പട്ടികയിൽ നിന്ന് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേരെ ഇത്തരത്തിൽ ഒഴിവാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഉദ്യോഗസ്ഥരുടെ പരിശോധനയുടേയും കാർഡുടമകൾ സ്വമേധയാ ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയ കാര്യങ്ങളുടേയും അടിസ്ഥാനത്തിലാണ് കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത്. പരിശോധന കൂടാതെയോ കാർഡുടമകളോട് അന്വേഷിക്കാതെയോ ആരെയും ഒഴിവാക്കിയിട്ടില്ല. ഇത്തരത്തിൽ 101-ാം നം. റേഷൻ കടയിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിരുന്ന 69 അനർഹരെ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| (ഇ) | അർഹരായ എല്ലാ ഗുണഭോക്താക്കളെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഇ) | അർഹരായ എല്ലാ ഗുണഭോക്താക്കളെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ